# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.80** 30.10.2019-ൽ മറുപടിയ്ക്ക്

## പട്ടിക വിഭാഗക്കാരുടെ അവകാശ സംരക്ഷണം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ.പി.ടി.എ.റഹീം**<br>**ശ്രീ.പി.ഉണ്ണി** | | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അവസര സമത്വമൊരുക്കുകയെന്ന ലക്ഷ്യത്തോടെ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സംവരണത്തിനെതിരെ പല ഉന്നതസ്ഥാനീയരും നിലപാട് സ്വീകരിക്കുന്ന സാഹചര്യത്തിൽ അടിച്ചമർത്തപ്പെട്ടിരുന്ന ജനതയുടെ പൗരസ്വാതന്ത്ര്യം, വിദ്യാഭ്യാസം, ഉപജീവനാവകാശം എന്നിവ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | (എ) | ഭരണഘടനയുടെ 46-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസപരവും, സാമ്പത്തികപരവുമായ താല്പര്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും സാമൂഹികമായ അനീതിയിൽ നിന്നും ചൂഷണങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. സംസ്ഥാന പദ്ധതിയിൽ ജനസംഖ്യാനുപാതത്തേക്കാൾ കൂടുതൽ തുക ഈ വിഭാഗങ്ങൾക്കായി വകയിരുത്തുകയും ആയത് മേൽപ്രകാരമുള്ള താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ കൃത്യമായി ചെലവഴിച്ചു വരികയും ചെയ്യുന്നു. ഇതിനെതിരായുള്ള നീക്കങ്ങളെ ചെറുത്ത് തോല്പിക്കുന്നതിനും, ഭരണഘടന സംരക്ഷിക്കുന്ന എല്ലാ സംവരണങ്ങളും, അവകാശങ്ങളും പട്ടികവിഭാഗങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും ഈ സർക്കാർ ജാഗ്രത പുലർത്തുന്നുണ്ട്. പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമവും യഥാവിധി നടപ്പാക്കുന്നതിലും സർക്കാർ ശ്രദ്ധ പുലർത്തുന്നു. |
| (ബി) | കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന ഉദാരവൽക്കരണനയം സർക്കാർ സേവനമേഖലയെ ചുരുക്കിക്കൊണ്ടു വരുന്നതായതിനാൽ ആ മേഖലയിലെ കരാർ നിയമനങ്ങളിലും എയ്ഡഡ് മേഖലയിലും സ്വകാര്യ മേഖലയിലും കൂടി സംവരണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ ധരിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; | (ബി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി.) | പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാരുടെ ഭൂവുടമസ്ഥത വർദ്ധിപ്പിക്കാൻ പദ്ധതി യുണ്ടോ; വിശദാംശം നൽകുമോ? | (സി) | പട്ടികജാതി വിഭാഗത്തിലെ ഭവനനിർമ്മാണത്തിന് ഭൂമി ഇല്ലാത്ത കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിൽ അഞ്ചും നഗരപ്രദേശത്ത് 3 ഉം സെന്റ് വീതം ഭൂമി വാങ്ങുന്നതിന് 2016-17 മുതൽ 2018-2019 വരെ 12952 പേർക്കും നടപ്പുവർഷം 1078 പേർക്കും ഇതുവരെ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ദുർബ്ബല വിഭാഗമായ അരുന്ധതിയാർ/ചക്കിലിയൻ, വേടൻ, കള്ളാടി, നായാടി എന്നീ കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി കൃഷിഭൂമി വാങ്ങി കൃഷി ചെയ്യുന്നതിലേയ്ക്കായി 10 ലക്ഷം രൂപ അനുവദിക്കുന്നു.<br>സംസ്ഥാനത്ത് പട്ടിക വർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി പ്രധാനമായും 3 പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്തവനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം 2006 പ്രകാരം കൈവശരേഖ (ROR) നൽകൽ എന്നിവയാണ് ടി പദ്ധതികൾ. ഈ സർക്കാർ ഇതുവരെ 3536 പേർക്ക് 3444.05 ഏക്കർ സ്ഥലം വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**